ടി.കെ ഉബൈദ്



# സൂറ - 43 / അസ്സുഖ്റുഫ്

## സൂക്തം: 28 - 31

ഇസ്മാഈൽ നബിയുടെ പിന്മുറക്കാരായ ഖുറൈശികൾക്ക് അല്ലാഹു ധാരാളം ജീവിത സൗകര്യങ്ങൾ നൽകി. വ്യാപാര പ്രവർത്തനങ്ങളിലൂടെ അവർ സമ്പന്നരായി. ഈ സൗഭാഗ്യങ്ങൾ അവരെ ശിർക്കിൽനിന്നും ജാഹിലിയ്യത്തിൽനിന്നും തടയേണ്ടതായിരുന്നു. പക്ഷേ, സൗഭാഗ്യങ്ങളിൽ മതിമറന്ന ഖുറൈശികൾ തങ്ങളുടെ ഇബ്റാഹീമീ പൈതൃകത്തിന്റെ യാഥാർഥ്യം ഓർക്കാനോ അതിലേക്കു മടങ്ങാനോ തയാറായില്ല.

وَجَعَلَهَا كَلِمَةً بَاقِيَةً فِي عَقِبِهِ لَعَلَّهُمْ يَرْجِعُونَ ﴿٢٨﴾

28. അദ്ദേഹം ഈ വചനം തന്റെ പിന്മുറക്കാരിൽ അവശേഷിപ്പിക്കുകയും ചെയ്തു; അവർ അതിലേക്കു മടങ്ങേണ്ടതിന്.

**28**

وَجَعَلَهَا = അദ്ദേഹം, അല്ലെങ്കിൽ അല്ലാഹു അതിനെ (ഈ വചനം) ആക്കി كَلِمَةً بَاقِيَةً = അവശേഷിക്കുന്ന വചനം

فِي عَقِبِهِ = തന്റെ പിന്നി(പിൻമുറക്കാരി)ൽ لَعَلَّهُمْ يَرْجِعُونَ = അവർ (അതിലേക്ക്) മടങ്ങേണ്ടതിന്

جَعَلَ യുടെ കർത്താവ് ഇബ്റാഹീം (അ) ആവാം. അല്ലാഹുവുമാകാം. ആരായാലും ആശയത്തിൽ സാരമായ മാറ്റം ഉണ്ടാകുന്നില്ല. كلمة ഏകവചനമാണ്. പദമാണ് كلمة. ഇതിന് ആദർശം, പ്രഭാഷണം, പ്രമേയം, അഭിപ്രായം എന്നിങ്ങനെ അനേകം പ്രയോഗാർഥങ്ങളുമുണ്ട്. ഇവിടെ ഉദ്ദേശ്യം മുൻ സൂക്തം ഉദ്ധരിച്ച പ്രസ്താവനയും അതു പ്രതിനിധാനം ചെയ്യുന്ന ആദർശവുമാണ്. ഭാഷാർഥത്തിൽ, നിലനിൽക്കുന്ന വാക്കാണ് كَلِمَةً بَاقِيَةً. പൈതൃകം (Tradition) എന്ന അർഥത്തിലുള്ള പ്രയോഗമായിട്ടാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതായത്, തന്റെ ഈ ആദർശം ഒരു വിശിഷ്ട പൈതൃകമായി തന്റെ പിൻഗാമികളിൽ നിലനിൽക്കണമെന്ന് ഇബ്റാഹീം (അ) ആഗ്രഹിച്ചു. അല്ലെങ്കിൽ അല്ലാഹു അതവരുടെ പൈതൃക സംസ്കാരമായി നിശ്ചയിച്ചു. മുൻ സൂക്തങ്ങളുദ്ധരിച്ച പ്രസ്താവനയുടെ തുടർച്ച 26:78-85 -ൽ ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്: 'അവനാണ് എന്നെ സൃഷ്ടിച്ചത്. പിന്നെ അവൻ തന്നെ എന്നെ മാർഗദർശനം ചെയ്യുന്നു. അവനാണ് എനിക്ക് അന്നവും പാനീയവും നൽകുന്നത്. ഞാൻ രോഗിയാകുമ്പോൾ ശമനമരുളുന്നതും അവൻ തന്നെ. എന്നെ മരിപ്പിക്കുന്നതും പിന്നെ ജീവിപ്പിക്കുന്നതും അവൻ. വിചാരണാ നാളിൽ എന്റെ പാപങ്ങൾ പരിഹരിച്ചു കിട്ടാൻ പ്രതീക്ഷയർപ്പിക്കുന്നത് അവനിലാകുന്നു. നാഥാ, എനിക്ക് ജ്ഞാനമരുളേണമേ, എന്നെ സജ്ജനങ്ങളിൽ ചേർക്കേണമേ. പിൻഗാമികളിൽ എനിക്ക് സൽക്കീർത്തിയുണ്ടാക്കേണമേ. എന്നെ അനുഗൃഹീതമായ സ്വർഗത്തിനവകാശികളായവരിൽ ഉൾപ്പെടുത്തേണമേ. 19:41-50 ലും ഇബ്റാഹീമീ ഭാഷണം വിശദമായി ഉദ്ധരിച്ചിരിക്കുന്നു.

തൗഹീദ്- ഇസ്‌ലാം, തന്റെ വംശത്തിൽ പൈതൃക ദർശനമായി നിൽക്കണമെന്ന് ഇബ്റാഹീം നബി മക്കളെ വസ്യത്ത് ചെയ്തതായി 2:132-ൽ പറയുന്നു:

وَوَصَّىٰ بِهَا إِبْرَاهِيمُ بَنِيهِ وَيَعْقُوبُ يَا بَنِيَّ إِنَّ اللَّهَ اصْطَفَىٰ لَكُمُ الدِّينَ فَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٣٢﴾

(ഈ ജീവിത ദർശനം ഇബ്റാഹീം സ്വസന്തതികൾക്ക് ഉപദേശിച്ചിരുന്നു. അതേ ഉപദേശം യഅ്ഖൂബ് തന്റെ മക്കൾക്ക് നൽകിക്കൊണ്ടു പറഞ്ഞു: എന്റെ മക്കളേ, അല്ലാഹു ഈ ധർമം നിങ്ങൾക്കായി തൃപ്തിപ്പെട്ട് തെരഞ്ഞെടുത്തരുളിയിരിക്കുന്നു. ആകയാൽ നിങ്ങൾ മുസ്‌ലിംകളായിട്ടല്ലാതെ മരിക്കാനിടയാകരുത്). യഅ്ഖൂബ് നബിയുടെ പുത്രന്മാർ ഈ ഉപദേശം പാലിച്ചുപോന്നിരുന്നുവെന്ന് യൂസുഫ് നബി (അ) ജയിലിൽ വെച്ച് തന്റെ സഹതടവുകാരോട് നടത്തിയ പ്രസ്താവം തെളിയിക്കുന്നു:

إِنِّي تَرَكْتُ مِلَّةَ قَوْمٍ لَّا يُؤْمِنُونَ بِاللَّهِ وَهُم بِالْآخِرَةِ هُمْ كَافِرُونَ ﴿٣٧﴾ وَاتَّبَعْتُ مِلَّةَ آبَائِي إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ ۚ مَا كَانَ لَنَا أَن نُّشْرِكَ بِاللَّهِ مِن شَيْءٍ ۚ ذَٰلِكَ مِن فَضْلِ اللَّهِ عَلَيْنَا وَعَلَى النَّاسِ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَشْكُرُونَ ﴿٣٨﴾

(സത്യമതത്തിൽ വിശ്വസിക്കാത്ത ജനത്തിന്റെ മതം ഞാൻ വർജിച്ചിരിക്കുന്നു. അവർ പരലോകത്തെയും നിഷേധിക്കുന്നവരാണല്ലോ. ഞാൻ പിന്തുടരുന്നത് എന്റെ പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്ഹാഖിന്റെയും യഅ്ഖൂബിന്റെയും മതമാകുന്നു. യാതൊന്നിനെയും അല്ലാഹുവിന്റെ പങ്കാളിയാക്കാൻ നമുക്കവകാശമില്ല. നമ്മെ അവനല്ലാത്ത ആരുടെയും അടിമകളാക്കാതിരുന്നത് അല്ലാഹു നമുക്കും സകല മാനവർക്കും ചെയ്തുതന്നിട്ടുള്ള അനുഗ്രഹമാകുന്നു. പക്ഷേ, അധിക ജനവും അവനോട് നന്ദിയില്ലാത്തവരാകുന്നു - 12:37-38).

പൈശാചിക പ്രേരണക്ക് വശംവദരായി ആളുകൾ ഇസ്‌ലാമിൽനിന്നും തൗഹീദിൽനിന്നും വ്യതിചലിക്കാനുള്ള സാധ്യത ഏറെയാണ്. അങ്ങനെ വ്യതിചലിക്കുന്നവർ ഇബ്റാഹീം നബിയുടെ വസ്യത്തും പാരമ്പര്യവും ഓർക്കാനും അതിലേക്ക് തിരിച്ചുവരാനും വേണ്ടിയാണ് ഈ പാരമ്പര്യം നിലനിർത്തിയത് എന്നാണ് لَعَلَّهُمْ يَرْجِعُونَ-ന്റെ താൽപര്യം. ●

بَلْ مَتَّعْتُ هَٰٓؤُلَآءِ وَءَابَآءَهُمْ حَتَّىٰ جَآءَهُمُ ٱلْحَقُّ وَرَسُولٌ مُّبِينٌ ﴿٢٩﴾

29. പക്ഷേ, ഇക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും ഞാൻ ജീവിത വിഭവങ്ങൾ നൽകിക്കൊണ്ടിരുന്നു. ഒടുവിൽ സത്യവും തെളിഞ്ഞ ദൈവദൂതനും അവരിൽ സമാഗതമായിരിക്കുന്നു.

وَلَمَّا جَآءَهُمُ ٱلْحَقُّ قَالُوا۟ هَٰذَا سِحْرٌ وَإِنَّا بِهِۦ كَٰفِرُونَ ﴿٣٠﴾

30. സത്യം സമാഗതമായപ്പോഴും, അവർ ഘോഷിക്കുകയായി: ഇതു കേവലം ആഭിചാരമാകുന്നു. ഞങ്ങളീ ദർശനം അസന്ദിഗ്ധമായി തള്ളിക്കളയുന്നു.

**29,30**

بَلْ = പക്ഷേ, (അവർ മടങ്ങിയില്ല, എങ്കിലും ഞാൻ അവരെ ശിക്ഷിച്ചില്ല)

مَتَّعْتُ هَٰؤُلَاءِ وَآبَاءَهُمْ = ഇക്കൂട്ടർക്കും അവരുടെ പിതാക്കൾക്കും ഞാൻ ജീവിത വിഭവങ്ങൾ നൽകിക്കൊണ്ടിരുന്നു

حَتَّىٰ جَاءَهُمُ = (അങ്ങനെ ഒടുവിൽ) അവരിൽ സമാഗതമാ(യിരിക്കുന്നു)കുന്നതുവരെ

الْحَقُّ وَرَسُولٌ مُّبِينٌ = സത്യവും തെളിഞ്ഞ ദൈവദൂതനും

وَلَمَّا جَاءَهُمُ الْحَقُّ = സത്യം സമാഗതമായപ്പോൾ(പ്പോഴോ) قَالُوا = അവർ ഘോഷിക്കുകയായി

هَٰذَا سِحْرٌ = ഇത് (കേവലം) ആഭിചാരമാകുന്നു وَإِنَّا بِهِ = ഞങ്ങൾ അതിനെ (ഈ ദർശനത്തെ)

كَافِرُونَ = നിഷേധിക്കുന്നവരാകുന്നു (അസന്ദിഗ്ധമായി തള്ളിക്കളയുന്നു)

ഇബ്റാഹീം സന്തതികൾ- ഇസ്രാഈല്യരും സഹോദര സമുദായങ്ങളും- ഇബ്റാഹീമീ പാരമ്പര്യത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരുന്നു. ഇസ്രാഈല്യർ വഴിപിഴച്ചപ്പോഴൊക്കെ അവരെ ഇബ്റാഹീമീ ദർശനത്തിലേക്കുണർത്താനും അതിലേക്ക് തിരിച്ചുകൊണ്ടുവരാനും പ്രവാചകന്മാർ ആഗതരായി. പ്രവാചകന്മാരിലൂടെ അടിസ്ഥാനപരമായി തൗഹീദ് അവരിൽ നിലനിന്നു. ഇസ്രാഈല്യർ മുഴുവൻ വിഗ്രഹാരാധകരായിത്തീർന്ന അവസ്ഥ ഉണ്ടായില്ല. ഇസ്രാഈല്യരെപ്പോലെ ഇസ്മാഈല്യരും (അറബികൾ) കാലക്രമത്തിൽ ഇസ്മാഈൽ നബി പഠിപ്പിച്ച ഇബ്റാഹീമീ ധർമത്തിൽനിന്ന് വ്യതിചലിച്ചു. അവരെ പൈതൃക ധർമം അനുസ്മരിപ്പിക്കാനും അതിലേക്കു പുനരാനയിക്കാനും പ്രവാചകന്മാർ ആഗതരായില്ല. ഇബ്റാഹീമീ ധർമത്തിന്റെ അസ്തിവാരമായ തൗഹീദ് പോലും അവർ മറന്നുപോയി. യഥാർഥ ഇബ്റാഹീമീ ധർമം അറിയുകയും പിന്തുടരുകയും ചെയ്യുന്നവർ അക്കൂട്ടത്തിൽ തുലോം വിരളമായി. അത്തരം ഒറ്റപ്പെട്ട ആളുകളാണ് ഹനീഫികൾ (حُنفاء) എന്നറിയപ്പെട്ടതെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മുഹമ്മദീയ പ്രവാചകത്വത്തിന്റെ ആരംഭ കാലത്ത് മക്കയിൽ വറഖതുബ്നു നൗഫൽ എന്ന ഒരു ഏകദൈവ വിശ്വാസി ഉണ്ടായിരുന്നുവെന്നും അദ്ദേഹം മുഹമ്മദിന്റെ (സ) പ്രവാചകത്വം തിരിച്ചറിഞ്ഞുവെന്നും ഹദീസ് നിവേദനങ്ങളുണ്ട്.

ഇസ്മാഈൽ നബിയുടെ പിന്മുറക്കാരായ ഖുറൈശികൾക്ക് അല്ലാഹു ധാരാളം ജീവിത സൗകര്യങ്ങൾ നൽകി. വ്യാപാര പ്രവർത്തനങ്ങളിലൂടെ അവർ സമ്പന്നരായി. കഅ്ബയുടെ പരിചാരകർ എന്ന നിലയിൽ മറ്റ് അറബികൾ അവരെ ആത്മീയാചാര്യന്മാരും നേതാക്കളുമായി ആദരിച്ചു. വാസ്തവത്തിൽ ഈ സൗഭാഗ്യങ്ങൾ അവരെ ശിർക്കിൽനി

ന്നും ജാഹിലിയ്യത്തില്‍നിന്നും തടയേണ്ടതായിരുന്നു. പക്ഷേ, സൗഭാഗ്യങ്ങളില്‍ മതിമറന്ന ഖുറൈശികള്‍ തങ്ങളുടെ ഇബ്‌റാഹീമീ പൈതൃകത്തിന്റെ യാഥാര്‍ഥ്യം ഓര്‍ക്കാനോ അതിലേക്കു മടങ്ങാനോ തയാറായില്ല. അവരെ ആചാര്യന്മാരായി ആദരിച്ചിരുന്ന ഇതര ഗോത്രങ്ങള്‍ അക്കാര്യത്തില്‍ അവരെ അനുകരിക്കുകയും ചെയ്തു. ഇങ്ങനെ തലമുറകള്‍ പലതു കഴിഞ്ഞുപോയി.

ഇപ്പോള്‍ സത്യവും അതു പ്രബോധനം ചെയ്യുന്ന ദൈവദൂതനും അവരില്‍ സമാഗതമായിരിക്കുകയാണ്. الحق കൊണ്ടുദ്ദേശ്യം യഥാര്‍ഥ ഇബ്‌റാഹീമീ ആദര്‍ശമാകാം. വിശുദ്ധ ഖുര്‍ആനുമാകാം. രണ്ടും സാരാംശത്തില്‍ ഒന്നുതന്നെയാണ്. رسول മുഹമ്മദ് നബിയാണ്. റസൂലിനെ مبين-തെളിഞ്ഞ, സുവ്യക്തമായ- എന്നു വിശേഷിപ്പിച്ചതിന് രണ്ടു മാനങ്ങളുണ്ട്. ഒന്ന്, അദ്ദേഹം ഓതിക്കേള്‍പ്പിക്കുന്ന സത്യവചനങ്ങളിലൂടെ, അദ്ദേഹത്തിന്റെ സ്വഭാവ ശുദ്ധിയിലൂടെ, ധാര്‍മിക പ്രതിബദ്ധതയിലൂടെ അദ്ദേഹം ദൈവം നിയോഗിച്ച ദൂതനാണെന്നു തെളിയുന്നു. രണ്ട്, സത്യവും അസത്യവും, ധര്‍മവും അധര്‍മവും, നീതിയും അനീതിയുമൊക്കെ അദ്ദേഹം സന്ദേഹത്തിനിടമില്ലാത്തവിധം വ്യക്തമായി വേര്‍തിരിച്ചു കാണിച്ചുതരുന്നു.

ഈ പ്രവാചകന്റെ പവിത്ര സംസ്‌കാരവും അദ്ദേഹം പ്രബോധനം ചെയ്യുന്ന വേദവും ഖുറൈശികളെ യഥാര്‍ഥ ഇബ്‌റാഹീമീ സംസ്‌കാരം ഓര്‍മിപ്പിക്കേണ്ടതും അതിലേക്കു മടങ്ങാന്‍ പ്രേരിപ്പിക്കേണ്ടതുമായിരുന്നു. വിചിത്രമെന്നു പറയട്ടെ പരമസത്യം തങ്ങളില്‍ സമാഗതമായപ്പോള്‍, ഇതു കേവലം ആഭിചാരമാണെന്നും ഞങ്ങളീ ദീനിനെ അസന്ദിഗ്ധമായി തള്ളിക്കളയുന്നുവെന്നും നിസ്സങ്കോചം ഘോഷിക്കുകയാണവര്‍ ചെയ്തത്. നേരത്തെ, തലമുറകളിലൂടെ ഈട്ടം കൂടിയ ജാഹിലിയ്യത്തില്‍ അറിയാതെ അമര്‍ന്നുപോവുകയായിരുന്നുവെങ്കില്‍ ഇപ്പോഴവര്‍ ജാഹിലിയ്യത്തിനെ സ്വന്തം ജീവിത സരണിയായി ബോധപൂര്‍വം തെരഞ്ഞെടുക്കുകയാണ്. മുഹമ്മദ് കേള്‍പ്പിക്കുന്നത് ആഭിചാര മന്ത്രങ്ങളല്ലെങ്കില്‍ അയാള്‍ രചിച്ച കവിതകളാകാം, അതുമല്ലെങ്കില്‍ പുരാണ കഥകളാകാം. എന്തായാലും ഞങ്ങളതിനെ യാതൊരു പരിഗണനയും നല്‍കാതെ തള്ളിക്കളയുന്നുവെന്നാണ് إِنَّا بِهِ كَافِرُونَ എന്ന വാക്യത്തിന്റെ താല്‍പര്യം. ●

---

وَقَالُوا لَوْلَا نُزِّلَ هَٰذَا الْقُرْآنُ عَلَىٰ رَجُلٍ مِّنَ الْقَرْيَتَيْنِ عَظِيمٍ ﴿٣١﴾

31. അവര്‍ ചോദിക്കുന്നു: ഈ ഖുര്‍ആന്‍ രണ്ടു നഗരങ്ങളിലെ മഹാപുരുഷന്മാരിലാര്‍ക്കെങ്കിലും ഇറക്കപ്പെടാതിരുന്നതെന്ത്?!

**31**

وَقَالُوا = അവര്‍ പറഞ്ഞു (ചോദിക്കുന്നു)

لَوْلَا نُزِّلَ هَٰذَا الْقُرْآنُ = ഈ ഖുര്‍ആന്‍ ഇറക്കപ്പെടാതിരുന്നതെന്തുകൊണ്ട്?

عَلَىٰ رَجُلٍ = ഒരു പുരുഷന് (പുരുഷന്മാരിലാര്‍ക്കെങ്കിലും) مِّنَ الْقَرْيَتَيْنِ = രണ്ടു നഗരങ്ങളില്‍നിന്നുള്ള عَظِيمٍ = ഒരു മഹാനായ

പ്രവാചകത്വവും വേദാവരോഹണവും നിഷേധിക്കാന്‍ ഖുറൈശികള്‍ ബഹുവിധ വിതണ്ഡ ന്യായങ്ങള്‍ ഉന്നയിക്കാറുണ്ടായിരുന്നു. അതില്‍ പ്രധാനപ്പെട്ട ഒന്ന് ഇതാണ്: അല്ലാഹു മനുഷ്യനെ ഭൂമിയില്‍ തന്റെ ദൂതനായി നിയോഗിക്കുമെന്നു സമ്മതിച്ചാല്‍ തന്നെ അങ്ങനെ നിയുക്തനാകുന്നത് ഒരിക്കലും മുഹമ്മദിനെപ്പോലൊരാളാവാന്‍ തരമില്ല. സമ്പത്തും സ്വാധീനവും സ്ഥാനമാനങ്ങളുമൊന്നുമില്ലാത്ത പാവപ്പെട്ടവനാണയാള്‍. ചെറുപ്പത്തിലേ അനാഥനായി. പിതാമഹന്റെയും പിതൃവ്യന്റെയും സംരക്ഷണത്തില്‍ വളര്‍ന്നവന്‍. പിന്നെ ഭാര്യയുടെ തണലില്‍ ജീവിക്കുന്നവന്‍. നാട്ടില്‍ തന്റെ ദൂതനായി നിയോഗിക്കാന്‍ അല്ലാഹു ഈയൊരുത്തനെയേ കണ്ടുള്ളൂവെന്നോ?! സമ്പത്തും ഗോത്രബലവും അധികാരവും ആചാര്യ പദവിയുമുള്ള മഹാപുരുഷന്മാരെയാണ് ദൈവം ദൂതനായി നിയോഗിക്കുക. രണ്ടു നഗരങ്ങള്‍ -قَرْيَتَيْنِ- കൊണ്ടുദ്ദേശ്യം അറേബ്യയിലെ വലിയ നഗരങ്ങളായിരുന്ന മക്കയും ത്വാഇഫുമാകുന്നു. അറേബ്യയില്‍ അല്ലാഹു ഒരു പ്രവാചകനെ നിയോഗിക്കുകയാണെങ്കില്‍ അവിടങ്ങളിലെ മഹാപുരുഷന്മാരെയാണ് നിയോഗിക്കേണ്ടിയിരുന്നത്.

ഇബ്‌നു അബ്ബാസ് പ്രസ്താവിച്ചതായി ഇബ്‌നു ജരീര്‍ ഉദ്ധരിക്കുന്നു: 'മനുഷ്യന്‍ പ്രവാചകനാകുമെങ്കില്‍ തന്നെ അതിനര്‍ഹന്‍ മുഹമ്മദല്ല എന്ന് അറബികള്‍ വാദിച്ചു. മുഹമ്മദിനെക്കാള്‍ എത്രയോ യോഗ്യരായവരുണ്ടല്ലോ. വലീദുബ്‌നു മുഗീറ, ഉത്ബതുബ്‌നു റബീഅ തുടങ്ങിയ പ്രഗത്ഭര്‍ മക്കയിലും ഉര്‍വതുബ്‌നു മസ്ഊദ്, ഹബീബുബ്‌നു അംറ്, കിനാന ഇബ്‌നു അബ്ദി അംറ് തുടങ്ങിയ പ്രമുഖര്‍ ത്വാഇഫിലും വിരാജിക്കുമ്പോള്‍ ദൈവം തന്റെ പ്രവാചകനായി ഏഴയായ മുഹമ്മദിനെ തെരഞ്ഞെടുക്കുകയോ?!' ഭൗതിക പ്രമത്തതയുടെ കണ്ണാടിയിലൂടെയാണ് അവര്‍ പ്രവാചകത്വത്തെയും വേദാവരോഹണത്തെയും നോക്കിക്കണ്ടിരുന്നത്. ദൈവം സമ്പത്തും സ്ഥാനമാനങ്ങളും നല്‍കിയവര്‍ക്കു തന്നെയാണ് പ്രവാചകത്വവും വേദവും നല്‍കുക. അതൊന്നുമില്ലാത്ത ഒരാള്‍ പ്രവാചകനും വേദവാഹകനുമാണെന്ന് സമ്മതിക്കാന്‍ പറ്റില്ല. മറ്റൊരു വിധത്തില്‍ പറഞ്ഞാല്‍, ദൈവം പ്രവാചകന്മാരായി നിശ്ചയിക്കുന്നത് പ്രവാചകത്വം, വേദം പോലുള്ള ദൈവാനുഗ്രഹങ്ങള്‍ വഹിക്കാന്‍ യോഗ്യരെന്നു തങ്ങള്‍ കൂടി സമ്മതിക്കുന്നവരെയായിരിക്കണം. ●